# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1980 10.10.2011 -ൽ മറുപടിക്ക്

### പകർച്ചാവ്യാധികൾക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ.തോമസ് ചാണ്ടി:<br>ശ്രീ.എ.കെ.ശശീന്ദ്രൻ: | | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>ആരോഗ്യവും കയറും വകുപ്പുമന്ത്രി | |
|---|---|---|---|
| (എ) | പകർച്ചാവ്യാധികൾക്ക് പ്രധാന കാരണം കുടിവെള്ളത്തിലെ മാലിന്യവും ഹോട്ടലുകളിലെ ഗുണനിലവാരമില്ലാത്ത ഭക്ഷണ പദാർത്ഥങ്ങളുമാണെന്ന സാഹചര്യത്തിൽ ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | ഹോട്ടലുകളിലെ ഗുണനിലവാരമില്ലാത്ത ഭക്ഷണ പദാർത്ഥങ്ങളും കുടിവെള്ളത്തിലെ മാലിന്യവും പകർച്ചവ്യാധികൾക്ക് കാരണമാകുന്നുണ്ട്. ഇതിനെതിരെ താഴെപറയുന്ന കാര്യങ്ങൾ ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് നടത്തുന്നുണ്ട്.<br>1) കുടിവെള്ള സ്രോതസ്സുകൾ ക്ളോറിനേഷൻ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു.<br>2) ജലജന്യരോഗങ്ങൾ പടർന്നു പിടിക്കുന്ന പ്രദേശങ്ങളിലെ കുടിവെള്ള സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുകയും തുടർ നടപടികളെടുക്കുകയും ചെയ്യുന്നു.<br>3) ഇതിന്റെ പ്രാധാന്യത്തെക്കുറിച്ച് മാധ്യമങ്ങളിലൂടെ ജനങ്ങളെ ബോധവൽക്കരണം നടത്തുന്നു. ഇത്തരം രോഗസാദ്ധ്യത കൂടുതലുള്ള പ്രദേശങ്ങളിൽ കൂടുതലായി ആരോഗ്യ ബോധവൽക്കരണ ക്ളാസുകൾ നടത്തുന്നുണ്ട്.<br>4) ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണ നിലവാരത്തെക്കുറിച്ച് ഹെൽത്ത് ഇൻസ്പെക്ടർ പരിശോധന നടത്തി നടപടികൾ സ്വീകരിക്കുന്നു.<br>കുടിവെള്ള സ്രോതസ്സുകളുടെ ബ്ളീച്ചിംഗ് പൗഡർ ഉപയോഗിച്ചുള്ള ക്ളോറിനേഷൻ, തിളപ്പിച്ചാറിയ വെള്ളം കുടിക്കാൻ ഉപയോഗിക്കണമെന്ന നിർദ്ദേശം, ആശ, അംഗൻവാടി പ്രവർത്തകർ വഴിയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ നടന്നു വരുന്നു. |
| (ബി) | ഭക്ഷണ ശാലകളിൽ ആഹാര സാധനങ്ങളുടെ ഗുണ നിലവാരം പരിശോധിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; ലൈസൻസ് | (ബി) | ഭക്ഷണശാലകളിൽ ആഹാരസാധനങ്ങളുടെ ഗുണനിലവാരം ഗ്രാമപ്രദേശങ്ങളിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഹെൽത്ത് ഇൻസ്പെക്ടർമാർ പരിശോധന നടത്താറുണ്ട്. ഭക്ഷണ ശാലകൾക്ക് ലൈസൻസ് നൽകുന്നത് അതാതു പ്രദേശങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. നഗരപ്രദേശത്ത് |

| | | | |
|---|---|---|---|
| | ഇല്ലാത്ത എത്രഭക്ഷണ ശാലകളുണ്ട്; അവയുടെ പേരിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | | തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കീഴിലുള്ള (Municipal Common Service) ഹെൽത്ത് ഇൻസ്പെക്ടർമാരാണ് ഈ പ്രവർത്തനം നടത്തുന്നത്. ഭക്ഷ്യവസ്തുക്കൾക്ക് നിയമത്തിൽ പറയുന്ന പ്രകാരമുള്ള നിലവാരമുണ്ടോയെന്നും ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കൾ ചേർന്നിട്ടുണ്ടോയെന്നും പരിശോധിക്കുകയും ഭക്ഷ്യസുരക്ഷാ നിലവാര നിയമത്തിൽ പാലിക്കേണ്ടതായി നിഷ്കർച്ചിട്ടുള്ള കാര്യങ്ങൾക്ക് വിപരീതമായി പ്രവർത്തിക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (സി) | ബോട്ടിൽ ചെയ്ത് മാർക്കറ്റിൽ വിൽക്കുന്ന വെള്ളത്തിന്റെ ഗുണ നിലവാരം പരിശോധിക്കാറുണ്ടോ; വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നത് ഒരു തുടർ നടപടിയായി സ്വീകരിക്കുമോ; | (സി) & (ഡി) | പരിശോധിക്കാറുണ്ട്. പ്രിവൻഷൻ ഓഫ് ഫുഡ് അഡൽട്രേഷൻ ആക്ട് അനുസരിച്ച് ഫുഡ് സേഫ്റ്റി കമ്മീഷണറാണ് ബോട്ടിൽ ചെയ്ത് മാർക്കറ്റിൽ വിൽക്കുന്ന വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നത്. മായം ചേർക്കൽ നിരോധന നിയമത്തിൽ പറയുന്ന നിലവാരമില്ലാത്ത കുപ്പിവെള്ളം ബോട്ടിൽ ചെയ്തു വിൽക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാറുണ്ട്. |
| (ഡി) | അനധികൃതമായി വെള്ളം ബോട്ടിൽ ചെയ്തു വിൽക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ